CADJAN LEAVES—COST—ENHANCEMENT OF

495. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമൊ.—

(എ) ഓലക്ക ക്രമാതീതമായി വില വർദ്ധിച്ചിരിക്കുന്നതു ഗവൺമെണ്ടു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സാധുക്കൾക്ക ന്യായമായ വിലക്ക് ഓല കിട്ടത്തക്കവിധത്തിൽ ഗവൺമെണ്ടു വല്ല നടപടികളും എടുത്തിട്ടുണ്ടോ; എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) വില വർദ്ധിച്ചിട്ടുള്ളതായറിയാം.

(ബി) ഇല്ല.

ARTICLES IN EXPRESS AND PRAJAMITRAM ON THE EXPORT OF COCOANUT OIL

496. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമ്മേണ്ടു് സദയം മറുപടിപറയുമോ.—

(എ) കൊച്ചിരാജ്യത്തുനിന്നും പുറംദിക്കുകളിലേക്ക വെളിച്ചെണ്ണ കയറ്റിയയക്കുവാൻ കൊച്ചിക്കാരല്ലാത്തവക്ക പെർമിറ്റ കൊടുത്തതിനെപ്പറ്റി "എക്സ്പ്രസ്സ്" "പ്രജാമിത്രം", "ജന്മഭൂമി" മുതലായ പത്രങ്ങളിലെ ലേഖനങ്ങളും ആക്ഷേപങ്ങളും ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ.

(ബി) ഉണ്ടെന്നുവരികിൽ അതിന്മേൽ എന്തുനടപടിയാണു് എടുത്തിട്ടുള്ളതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: (എ) ഉവ്വ്.

(ബി) ഒരു നടപടിയും എടുത്തിട്ടില്ല.

EPXORT OF COPRA, COCOANUT OIL, ETC.—DETAILS REGARDING

497. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമ്മേണ്ടു സദയം മറുപടി പറയുമോ.—

(എ) കൊച്ചി രാജ്യത്തുനിന്നു് പുറത്തേക്കും ഇന്ത്യവിട്ട പുറത്തേക്കും നമ്മുടെ നാട്ടിലെ ഉൽപന്നങ്ങളായ കൊപ്ര, വെളിച്ചെണ്ണ, പായ, റബ്ബർ, കാപ്പി, കയർ മുതലായ സാധനങ്ങൾ കയറ്റി അയക്കുന്നതിനുള്ള പെർമിറ്റുകൾ കൊടുക്കുന്നതിനു് ഏതേതു ഉദ്യോഗസ്ഥന്മാരെയാണു് നിയമിച്ചിട്ടുള്ളതു;

(ബി) വല്ലവക്കും എ എ ടി-ലും എ എ ടി-ലും, മേലെഴുതിയ ഇനങ്ങൾക്കു് പെർമിറ്റ് കൊടുത്തിട്ടുണ്ടോ;

(സി) കൊടുത്തിട്ടുണ്ടെങ്കിൽ ആർക്കെല്ലാമാണു്;

(ഡി) എന്നാണു് കൊടുത്തിട്ടുള്ളതു;

(ഇ) എത്രവീതമാണു് കൊടുത്തിട്ടുള്ളതു;

(എഫ്) എന്തെല്ലാം ചരക്കുകൾക്കാണു്, വിവരമായ ഒരു പട്ടിക മേശപ്പുറത്തു വയ്ക്കാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: (എ) കൊപ്രയും വെളിച്ചെണ്ണയും കയറ്റി അയക്കുന്നതിനുള്ള പെർമിറ്റുകൾ ഫുഡ്സപ്ലൈ ഡയറക്ടർ ആണു കൊടുത്തിരുന്നതു്. മറ്റു സാധനങ്ങൾ കയറ്റി അയക്കുന്നതിനു് പെർമിറ്റ് ആവശ്യമില്ല.

(ബി) എ എ ടി-ൽ വെളിച്ചെണ്ണക്കു് പെർമിറ്റുകൾ കൊടുത്തിട്ടുണ്ടു്.

(സി, ഡി, ഇ, എഫ്) സ്റ്റോറ്റ്മെണ്ടു് മേശപ്പുറത്തു വെച്ചിരിക്കുന്നു.

TRIPPUNITTURA FIELD OFFICER—SUSPENSION OF

498. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) തൃപ്പൂണിത്തുറ ഫീൽഡാഫീസറായിരുന്ന മി. സുബ്രഹ്മണ്യയ്യരെ ഗവൺമ്മേണ്ടു സസ്പെൻറ ചെയ്തിരിന്നുവൊ;

(ബി) ചെയ്തിരുന്നുവെങ്കിൽ എന്തിനു്; എത്രകാലത്തേക്കു?

LIBRARY ARCHIVES Kerala Legislative Assembly